"ഭരണഭാഷ- മാതൃഭാഷ"

**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4138 24.06.2019 ൽ മറുപടിയ്ക്ക്

**കണ്ടൽക്കാട് സംരക്ഷണം**

| ചോദ്യം<br>**ശ്രീ. മുരളി പെരുനെല്ലി** | | ഉത്തരം<br>**ശ്രീ.കെ.രാജു**<br>**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി )** | |
|---|---|---|---|
| (എ) | കണ്ടൽക്കാട് സംരക്ഷണത്തിന് നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സാമൂഹ്യവനവൽക്കരണ വിഭാഗം വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്വകാര്യ വ്യക്തികൾക്ക് കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ഏക്കറിന് 4000/- രൂപ എന്ന നിരക്കിൽ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (ആർ.റ്റി) 485/16 തീയതി 24.12.2016 പ്രകാരം ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തി വരുന്നു. ടി പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകളും, തീരദേശപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉൽപാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും, കൂടാതെ |

| | | | |
|---|---|---|---|
| | | | നട്ടുപിടിപ്പിക്കുന്നതിനായി പൊതു ജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. കൂടാതെ കണ്ടൽചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോൽസാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. കണ്ടൽ കാടുകളുടെ സംരക്ഷണത്തിനായി കണ്ടൽ സംരക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. 2019-20 സാമ്പത്തിക വർഷത്തിലേയ്ക്ക് ഈ പദ്ധതിയിൽ 392 ലക്ഷം രൂപ ധനസഹായം ലഭിക്കുന്നതിനായി പദ്ധതി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടർ കണ്ടൽ വനങ്ങൾ റിസർവ് ഫോറസ്റ്റായും കോഴിക്കോട് ജില്ലയിൽ 2.82 ഹെക്ടറും, മലപ്പുറം ജില്ലയിൽ 20.78 ഹെക്ടറും "പ്രൊപ്പോസ്ഡ്" റിസർവ് ഫോറസ്റ്റായും 1961 -ലെ കേരള വനസംരക്ഷണ നിയമപ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതും അവ സംരക്ഷിച്ചു പരിപാലിച്ച് നിർത്തുകയും ചെയ്തുവരുന്നുണ്ട്. നിലവിലുള്ള നിയമ നടപടിക്രമങ്ങൾക്കനുസൃതമായി കണ്ടൽക്കാടുള്ള മറ്റു ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | തൃശ്ശൂർ സോഷ്യൽ ഫോറസ്റ്റി ഡിവിഷനിൽ കണ്ടൽക്കാട് സംരക്ഷിക്കുന്നതിന്റെ ഭാഗമായി മണലൂർ മണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിൽ പുതിയ കണ്ടൽ തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ ; | (ബി) | പാവറട്ടി പഞ്ചായത്തിലെ പെരിങ്ങാട് പുഴയിൽ ചുരിക്കാട് ഭാഗത്ത് കണ്ടൽ തുരുത്ത് നിർമ്മിക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 1200 കണ്ടൽ തൈകൾ വെച്ച് പിടിപ്പിച്ചിട്ടുണ്ട്. കൂടാതെ മണലൂർ പഞ്ചായത്തിൽ കനോലി കനാലിൽ പാലാഴി ഭാഗത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 3400 കണ്ടൽ തൈകൾ നട്ടുപിടിപ്പിക്കാനുള്ള പദ്ധതി പ്രാബല്യത്തിലാണ്. |
| (സി) | പാവറട്ടി മുല്ലശ്ശേരി പഞ്ചായത്തുകളിലെ നിലവിലെ കണ്ടൽക്കാടിന്റെ വിസ്തൃതി എത്രയാണ് എന്നറിയിക്കാമോ? | (സി) | പാവറട്ടി പഞ്ചായത്തിന്റെ കീഴിൽ 11.3281 ഹെക്ടറും , മുല്ലശ്ശേരി പഞ്ചായത്തിന്റെ കീഴിൽ 7.01 ഹെക്ടറും കണ്ടൽ കാടുകൾ ഉണ്ട്. |

Sujesh

സെക്ഷൻ ഓഫീസർ